# കുഞ്ഞുപാത്തുമ്മ



കൂട്ടുകാർക്ക് ഒരു പാട്ട് കേൾക്കണോ-?

"ഗുത്തിനി ഹാലിട്ട ലിത്താപ്പോ
സഞ്ചിനി ബാലിക്കലുട്ടാപ്പീ
ഹാലിത്തമാണിക്ക ലിഞ്ചല്ലോ
സങ്കര ബാഹന തൂലീപീ
ഹുഞ്ചിനി ഹീലത്ത ഹുത്താലോ
ഫാനത്ത ലാക്കിടി ജിമ്പാലോ."

വല്ലതും പിടികിട്ടിയോ നിങ്ങൾക്ക്? ഹൗ! ഇതെന്ത് ഭാഷയാണപ്പാ എന്ന് തോന്നിയിരിക്കും ഇല്ലേ? ഇത് സുൽത്താന്റെ ഒരു പാട്ടാണ്. 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' (ആ പേരുതന്നെ എത്ര രസകരമാണെന്ന് നോക്കൂ!) എന്ന നോവലിലെ കഥാനായികയായ, ആനമക്കാരിന്റെ പുന്നാരമോളുടെ പുന്നാരമോളായ കുഞ്ഞുപാത്തുമ്മയെ അയൽപക്കത്തെ പരിഷ്കാരി പെൺകുട്ടിയായ ആയിഷ പഠിപ്പിച്ച പാട്ടാണിത്.

ആട്ടെ, ഒന്നും മനസ്സിലാകുന്നില്ലെങ്കിലും ഇത് താളത്തിൽ പാടാൻ നല്ല രസം തോന്നുന്നില്ലേ നിങ്ങൾക്ക്? ബഷീർ എന്ന മഹാമാന്ത്രികനായ സാഹിത്യകാരൻ ഒരർഥവുമില്ലാതെ കുറെ വാക്കുകൾകൊണ്ട് ഒരു മഹാദ്ഭുതം കാണിക്കുകയാണ് ഇവിടെ. വല്ലഭന് പുല്ലും ആയുധം!

ഇനി നമുക്ക് കുഞ്ഞുപാത്തുമ്മയെ ഒന്ന് പരിചയപ്പെടാം. കുഞ്ഞുപാത്തുമ്മ ഒരു നിഷ്കളങ്കയായ ഗ്രാമീണ പെൺകൊടിയാണ്. വളരെ ദാരിദ്ര്യത്തിലാണ് അവരുടെ ജീവിതം. പക്ഷേ, അവളുടെ ഉമ്മ പഴയ പ്രതാപങ്ങൾ അയവിറക്കി 'ടക് ടക്' എന്ന ശബ്ദം കേൾപ്പിച്ച് മെതിയടിപ്പുറത്ത് കയറി അങ്ങനെ നടക്കും.

"ന്റെ പൊന്നുകുഞ്ഞുപാത്തുമ്മാ, നീ ആനമക്കാരിന്റെ പുന്നാരമോള്ടെ പുന്നാരമോളാ.... നിന്റുപ്പൂപ്പാക്കേ, ഒരാനേണ്ടാർന്ന്! ബല്യ ഒരു കൊമ്പനാന....."

ഇങ്ങനെ എപ്പോഴും പഴയ പ്രതാപത്തെക്കുറിച്ച് അവർ പറയുമായിരുന്നു.

കുഞ്ഞുപാത്തുമ്മ ഒരു പാവം പെൺകുട്ടിയായിരുന്നു. അവൾ ദൈവത്തിൽ വിശ്വസിച്ചും, ഇബ്‌ലീസിനെ (സാത്താനെ) പേടിച്ചും ജീവിച്ചു. ഭൂമുഖത്തുള്ള എല്ലാ ജീവജാലങ്ങളേയും അവൾ സ്നേഹിച്ചു. തങ്ങളുടെ ദാരിദ്ര്യവും സങ്കടങ്ങളും മാറാൻ അവൾ എന്നും പ്രാർഥിക്കും.

"റബ്ബുൽ ആലമീനായ തമ്പുരാനേ, ഇഞ്ഞിയെങ്കിലും ഞങ്ങളെ ഇബ്‌ലീസ് എന്ന പഹയന്റെ ഉപദ്രവത്തീന്ന് ലച്ചിക്കണേ...."

പാവം, അല്ലേ. അതേ, അവളെ പരിചയപ്പെട്ടാൽ നിങ്ങളൊരിക്കലും മറക്കില്ല. അവളൊരിക്കൽ ഒരാമ്പൽപ്പൊയ്കയിൽ കുളിക്കാനിറങ്ങി. മുങ്ങിയും നീന്തിയും കുളിച്ചുകൊണ്ടിരിക്കുമ്പോൾ ചുരുങ്ങിയും നീണ്ടും വണ്ണംകുറഞ്ഞ ഒരു സാധനം അവളുടെ സമീപത്തേക്ക് ധൃതിയിൽ വരുന്നതു കണ്ടു.

"പടശ്ശോനെ, കന്നട്ട!"

അവൾ പേടിച്ച് വേഗം കരയ്ക്കു കയറി. നോക്കുമ്പോൾ തുടയിലെന്തോ കറുത്ത്....! നോക്കിയപ്പോൾ അവൾ അറച്ച് വിറച്ചുപോയി. ഒരട്ട രണ്ട് തലകൊണ്ടും അവളുടെ തുടയിൽ കടിച്ചുപിടിച്ചിരിക്കുകയാണ്.

"ഉമ്മായേ, ബാപ്പായേ, ഓടിവായോ! എന്നെ കടിച്ചു കൊല്ലണേ, എല്ലാരും ഓടി വായോ...."

എന്ന് ഉറക്കെ വിളിച്ചുകൂവാനാണ് തോന്നിയത്. പക്ഷേ, അവൾ കുപ്പായമിട്ടിട്ടില്ല. കുളിക്കുകയായിരുന്നല്ലോ. ദേഹത്ത് തോർത്ത് മാത്രമേയുള്ളൂ. അട്ടയെ തട്ടിമാറ്റാൻ അവൾക്കാകുന്നില്ല. അവൾ പുകഞ്ഞ് വെന്ത് അറച്ച് വിറച്ച് അങ്ങനെ നിന്നു. കുറെ കഴിഞ്ഞപ്പോൾ അട്ട രക്തം കുടിച്ച് ചീർത്തു. അത് ഒരറ്റം വിട്ട് തടിയനായി തൂങ്ങിക്കിടക്കുകയാണ്. ഒടുവിൽ അട്ടതന്നെ ഉരുണ്ട് താഴെ വീണു. അവളുടെ തുടയിലൂടെ ചോര ഒലിക്കുന്നുണ്ട്.

ഇനി ഈ അട്ടയെ എന്താണ് ചെയ്യുക? അവൾക്ക് ദേഷ്യവും അറപ്പുമുണ്ട്. അട്ടയെ ഒരുപാട് ചീത്ത പറയണമെന്നുണ്ട്. എന്ത് ചീത്തയാണ് പറയുക? അവൾക്ക് ചീത്തവാക്കുകളൊന്നും അറിയില്ല.

"ഇബ്‌ലീസേ ന്റെ ചോര നീ മുയ്മനും കുടിച്ച്." എന്നു പറഞ്ഞിട്ട് അവൾ അതിനെ കൊല്ലാൻ വിചാരിച്ചു. പക്ഷേ, പാടില്ല. ആ അട്ടയ്ക്ക് ഉമ്മായും ബാപ്പായും കാണും. പെണ്ണട്ടയോ ആണട്ടയോ എന്നറിയില്ല. എന്തായാലും മക്കളും കാണും. അതിനെയും അല്ലാഹു സൃഷ്ടിച്ചതാണ്. കുഞ്ഞുപാത്തുമ്മയേയും അല്ലാഹു സൃഷ്ടിച്ചതാണ്. കൊല്ലാൻ പാടില്ല. പാപമാണ്.

എന്തായാലും അത് പൊയ്ക്കൊള്ളട്ടെ. അതിന്റെ വീട്ടിലേക്ക് വിട്ടേക്കാം. അവൾ വിചാരിച്ചു.

"അട്ടേ, നീ ഇഞ്ഞി ആരേങ്കടിച്ച് ചോര കുടിച്ചര്ത് കേട്ടോ? ചോരകുടിച്ചാലേ, നീ മരിച്ച് ചെല്ല്മ്പ പടശ്ശോൻ നിന്നെ നരകത്തിലിടും, കേട്ടോ...."

എന്നു പറഞ്ഞ് അവളൊരു കമ്പെടുത്ത് അതിനെ നോവിക്കാതെ പതുക്കെ

തോണ്ടി കുളത്തിലേക്കിട്ടു. അത് വീഴാൻ കാത്തിരിക്കുന്നതുപോലെ, 'കപ്പ്' എന്നൊരു ശബ്ദത്തോടെ ഒരു വലിയ വരാൽമത്സ്യം അതിനെ വെട്ടിവിഴുങ്ങിക്കളഞ്ഞു. അയ്യോ, കഷ്ടം! പാവം അട്ട!

കുഞ്ഞുപാത്തുമ്മ നോക്കുമ്പോൾ വരാൽ ഒന്നല്ല രണ്ടെണ്ണമുണ്ട്. 'കെട്ടിയോനും കെട്ടിയോളും.' തന്നെയുമല്ല 'പുള്ളേളരും ഒണ്ട്!' ചുവന്ന പൊടിക്കുഞ്ഞുങ്ങൾ.

"നീ എന്തിനാ വരാലേ അതിനെ വെട്ടിമുണിങ്ങിയേത് ദോഷോല്ലെ....?" അവൾ വരാലിനെ ശാസിച്ചു.

മനസ്സിലായല്ലോ. ഇതാണ് കുഞ്ഞുപാത്തുമ്മ. നിഷ്കളങ്കതയുടെയും സ്നേഹത്തിന്റെയും, ഗ്രാമവിശുദ്ധിയുടെയും നിറകുടമാണവൾ. പക്ഷേ, അവൾക്ക് ഒന്നും അറിയില്ല. കള്ളവും കാപട്യവുമൊന്നും തിരിച്ചറിയാനുള്ള കഴിവില്ല. പരിഷ്കൃതരീതിയിൽ സംസാരിക്കാനും, ചിന്തിക്കാനും, വേഷം ധരിക്കാനുമൊന്നും അവൾക്കറിയില്ല. അവൾക്ക് എല്ലാവരേയും, എല്ലാറ്റിനേയും സ്നേഹിക്കാൻ മാത്രമേ അറിയൂ.

അവൾക്കാകെ പറയാനറിയാവുന്നത് ഒന്നേയുള്ളൂ.

"ന്റെ കരളില് വേതന!"

അങ്ങനെയിരിക്കെ അവളുടെ അയൽപക്കത്ത് പരിഷ്കാരികളും സംസ്കൃതചിത്തരുമായ ഒരു കുടുംബം താമസത്തിനെത്തി. ഒരു കോളേജ് പ്രൊഫസറും ഭാര്യയും മകനും മകളും അടങ്ങുന്ന കുടുംബം.

ഒരു ദിവസം കുഞ്ഞുപാത്തുമ്മ രണ്ടു കുരുവികൾ തമ്മിൽ വഴക്കുകൂടുന്നത് കണ്ടു. അവൾക്ക് സങ്കടം വന്നു.

ഒടുവിൽ ഒരു കുരുവി താഴെ വീണു. അത് ചോരയൊലിപ്പിച്ച് രണ്ടു ചിറകുകളും വിടർത്തി മണ്ണിൽ കമഴ്ന്നു കിടക്കുന്നത് കണ്ടപ്പോൾ കുഞ്ഞുപാത്തുമ്മയുടെ കരള് നൊന്തു. അവളതിനെയെടുത്ത് അല്പം വെള്ളം കൊടുക്കാൻ തോട്ടരികിലേക്ക് നടന്നു. ഒരു പാണൽച്ചെടിയിൽ പിടിച്ച് പതുക്കെ താഴേക്കിറങ്ങാൻ ഭാവിച്ച അവൾ "കറുകു പൊതിനോന്ന്" വെള്ളത്തിൽ വീണു.

അവളതൊന്നും കാര്യമാക്കാതെ ആ പാവം കുരുവിയുടെ ചുണ്ട് പിളർന്ന് വെള്ളം കൊടുത്തു. എന്നിട്ടവൾ ചോദിച്ചു:

"കെട്ടിയോൻ കുരുവി എന്തിനാ കെട്ടിയോളു കുരുവീനെ കൊത്തിക്കൊല്ലാമ്പോയത്....?"

അപ്പോഴാണ് നിസാർ അഹമ്മദ് കരയ്ക്കു നിന്ന് വിളിച്ചു ചോദിച്ചത്:

"കുരുവിക്ക് ജീവനുണ്ടോ....."

അയൽപക്കത്തെ പുതിയ താമസക്കാരനായിരുന്ന അയാൾ ചോദിച്ചു.

"കരയ്ക്കു കയറാൻ വയ്യേ?"

"മെഷമം." അവൾ പറഞ്ഞു.

"വിഷമമാണെന്നോ?" അയാൾ ചോദിച്ചു.

"ഹതേ...."

അയാൾ അവളുടെ കൈ പിടിച്ച് കയറ്റി. പിന്നീട് അയാൾ അയാളുടെ ജീവിതത്തിലേക്ക് അവളെ കൈപിടിച്ച് കയറ്റുകയും ചെയ്തു.

**കിളിരൂർ രാധാകൃഷ്ണൻ**

## അഭ്യാസം

**1. ഉത്തരം എഴുതുക :**

1. കുഞ്ഞുപാത്തുമ്മയെ ആരാണ് പാട്ടു പഠിപ്പിച്ചത്?
2. 'വല്ലഭന് പുല്ലും ആയുധം' - ഇത് ആരെ പറ്റിയാണ് പറയുന്നത്? എന്തുകൊണ്ട്?
3. കുഞ്ഞിപാത്തുമ്മയുടെ ഉമ്മ ഏത് പഴയ പ്രതാപത്തെ പറ്റിയാണ് എപ്പോഴും പറയാറുണ്ടായിരുന്നത്?
4. കുഞ്ഞുപാത്തുമ്മ എന്തുകൊണ്ടാണ് അട്ടയെ കൊല്ലാതിരുന്നത്?
5. കുഞ്ഞുപാത്തുമ്മയുടെ സ്വഭാവത്തെക്കുറിച്ച് വിശദീകരിക്കുക?

**2. നിരീക്ഷിക്കാം :**

- ഈ കഥയിൽ പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങളും അവരുടെ പ്രകൃതവും.
- ഇറ്റിറ്റ് എന്ന പദം ഇറ്റ് ഇറ്റ് എന്ന് മുറിച്ചെഴുതാമെങ്കിൽ ഒരറ്റം എങ്ങനെ മുറിക്കാം...

**3. ശരിയായത് തിരഞ്ഞെടുക്കുക :**

- ഗ്രാമവിശുദ്ധി വികസിപ്പിച്ചെഴുതുമ്പോൾ -ഗ്രാമമാകുന്ന വിശുദ്ധി, ഗ്രാമം വിശുദ്ധമാകുന്നു, ഗ്രാമത്തിന്റെ വിശുദ്ധി

**4. ഒന്നിലധികം വാക്കുകൾ എഴുതുക :**

ചീത്ത, വേഷം, സ്നേഹം

**5. ലഘുജീവിതക്കുറിപ്പ് തയ്യാറാക്കൂ :**

- ഇത് സുൽത്താന്റെ ഒരു പാട്ടാണ് - ആരാണീ സുൽത്താൻ? പാഠഭാഗത്തു നിന്നും അധ്യാപകരുടെ പക്കൽ നിന്നും കൂട്ടുകാരുടെ പക്കൽനിന്നും കിട്ടിയ അറിവ് വച്ചുകൊണ്ട് സുൽത്താനെക്കുറിച്ച് ഒരു ലഘുജീവിതക്കുറിപ്പ് തയ്യാറാക്കൂ...

**സൂചനകൾ**

- ജനിച്ച സ്ഥലം, തീയതി
- മാതാപിതാക്കൾ
- വിദ്യാഭ്യാസം
- തൊഴിൽ
- ഭാര്യ, മക്കൾ
- സാഹിത്യപ്രവർത്തനങ്ങൾ

6 'വല്ലഭന് പുല്ലും ആയുധം!' - ഇതുപോലെയുള്ള വാചകങ്ങൾ കണ്ടെത്തി പട്ടിക തയ്യാറാക്കാം. :

7. "ന്റെ പൊന്നുകുഞ്ഞുപാത്തുമ്മാ, നീ ആനമക്കാരിന്റെ പുന്നാരമോള്ട്സ പുന്നാരമോളാ... നിന്റുപ്പൂപ്പാക്കേ, ഒരാനേണ്ടാർന്ന്! ബല്യ ഒരു കൊമ്പനാന..." -ഈ വാക്കുകളിൽ തെളിയുന്നത് വക്താവിന്റെ ഏതു ഭാവമാണ് :

8. ഭൂമുഖത്തുള്ള എല്ലാ ജീവജാലങ്ങളെയും അവൾ സ്നേഹിച്ചു. തങ്ങളുടെ ദാരിദ്ര്യവും സങ്കടങ്ങളും മാറാൻ അവൾ എന്നും പ്രാർഥിക്കും.-ആരുടേതാണ് ഈ വാക്കുകൾ? ആരുടെ സ്വഭാവമാണ് ഇവിടെ ചിത്രീകരിക്കപ്പെടുന്നത് :

9. പ്രസംഗം തയ്യാറാക്കാം :

- കുഞ്ഞുപാത്തുമ്മയുടെ സ്വഭാവം കണക്കിലെടുത്തുകൊണ്ട് സഹജീവികളോട് നമുക്കുണ്ടാകേണ്ട അലിവ് എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കാം...

സൂചനകൾ

- നിങ്ങളെ ആകർഷിച്ച വസ്തുതകൾ
- കഥാപാത്രങ്ങൾ
- കുഞ്ഞുപാത്തുമ്മയുടെ സംസാരവും സ്വഭാവവും പെരുമാറ്റവും
- ഗ്രാമീണഭാഷയുടെ നിഷ്കളങ്കത

10. ഊഹിച്ചെഴുതാം :

"ന്റെ കരളില് വേതന!"

"നീ എന്തിനാ വരാലേ അതിനെ വെട്ടിമുണിങ്ങിയത് ദോഷോല്ലേ...?" ഇതുപോലെ കുഞ്ഞുപാത്തുമ്മയിൽ കഥാപാത്രങ്ങളുടെ ധാരാളം സംഭാഷണങ്ങളുണ്ട്. ഇത് മാനകഭാഷയിലാക്കി (standard language) മാറ്റിയാൽ കഥയിൽ എന്തുമാറ്റമാണ് ഉണ്ടാവുക.

## ഈ പാഠഭാഗത്തുനിന്നും ഞാൻ പഠിച്ചത്